406/ESI/19

"ഭരണഭാഷ-മാതൃഭാഷ"

ചീഫ് എഞ്ചിനീയറുടെ കാര്യാലയം
തദ്ദേശസ്വയംഭരണവകുപ്പ്
റവന്യൂ കോംപ്ലക്സ്, മൂന്നാംനില
പബ്ലിക് ആഫീസ് ബിൽഡിംഗ്
തിരുവനന്തപുരം -33

Phone : 0471 – 2324951
0471 – 2325071
Tele Fax 0471 – 2324951
Email celsgd@gmail.com
Website : www.celsgd.kerala.gov.in

നം ഇ9/1788/2019/സിഇ/എൽ.എസ്.ജി.ഡി     തീയതി: 16/02/2019

# പരിപത്രം

വിഷയം:- തദ്ദേശസ്വയംഭരണ വകുപ്പ് – സാങ്കേതിക വിഭാഗം – ജീവനക്കാര്യം – പൊതുസ്ഥലമാറ്റത്തിനുള്ള അപേക്ഷകൾ സ്വീകരിക്കുന്നത് – ജീവനക്കാർ ഓൺലൈൻ മുഖാന്തരം സമർപ്പിക്കുന്ന വിവരങ്ങൾ നിയന്ത്രണാധികാരി അപ്രൂവൽ നൽകുന്നത് - സംബന്ധിച്ച്

സൂചന:- 1. സർക്കാർ ഉത്തരവ് (പി) നം 3/2017/തസ്വഭവ, തീയതി 25/02/2017
2. 06/02/2019 ലെ ഈ കാര്യാലയത്തിലെ ഇതേ നമ്പർ പരിപത്രം

*****

സൂചന (2) സർക്കുലർ പ്രകാരം പൊതുസ്ഥലം മാറ്റത്തിനുള്ള അപേക്ഷകൾ സമർപ്പിക്കുന്നതിന് അറിയിച്ചിരുന്നു. പൊതുസ്ഥലം മാറ്റത്തിനുള്ള അപേക്ഷയുടെ ഹാർഡ് കോപ്പി നിയന്ത്രണാധികാരി പരിശോധിച്ച് സാധുത ഉറപ്പുവരുത്തി ആയത് സാക്ഷ്യപ്പെടുത്തി സമർപ്പിക്കുന്നതിനോടൊപ്പം, ഉദ്യോഗസ്ഥർ നേരിട്ട് ഓൺലൈൻ അപേക്ഷ മുഖാന്തരം സമർപ്പിക്കുന്ന വിവരങ്ങൾ നിയന്ത്രണാധികാരി പരിശോധിച്ച് 'Approval' നൽകേണ്ടതാണ്. ഓൺലൈൻ ആയി സമർപ്പിക്കപ്പെടുന്ന അപേക്ഷകളിൽ നിയന്ത്രണാധികാരി 'Approval' നൽകുന്നതു മാത്രമേ പൊതുസ്ഥലമാറ്റത്തിനായി പരിഗണിക്കപ്പെടുകയുള്ളു. നിയന്ത്രണാധികാരികൾ അപേക്ഷകൾ സമർപ്പിക്കുവാൻ നിർദ്ദേശിച്ചിട്ടുള്ള തീയതിയായ 20/02/2019 ന് മുമ്പായി അപ്രൂവൽ നൽകിയിരിക്കണം. അപ്രൂവൽ നൽകാൻ കഴിയാത്ത അപേക്ഷകൾ "Not Approved" ആയി മാർക്ക് ചെയ്യണം.

നിയന്ത്രണാധികാരികൾ 'Approval' നൽകുന്നതിനായി ഈ കാര്യാലയത്തിന്റെ ഔദ്യോഗിക വെബ് സൈറ്റിലെ (www.celsgd.kerala.gov.in) "Proforma" പേജിൽ പ്രസിദ്ധീകരിച്ചിട്ടുള്ള " Online Proforma for submitting request for General Transfer" എന്ന ലിങ്ക് മുഖാന്തരം അതാത് കാര്യാലയങ്ങൾക്കായി "Link for providing approved to online application submitted by Employee" എന്ന ശീർഷകത്തിന് കീഴിൽ നൽകിയിട്ടുള്ള ലിങ്ക് മുഖാന്തരം ലഭിക്കുന്ന പെർഫോർമയിലെ 'Approval' കോളത്തിൽ 'Approval' രേഖപ്പെടുത്തേണ്ടതാണ്. 'Approval' രേഖപ്പെടുത്താത്ത അപേക്ഷകൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല. ഇതിൻമേൽ വീഴ്ച സംഭവിക്കുന്നപക്ഷം ആയതിൻമേലുള്ള ഉത്തരവാദിത്വം ബന്ധപ്പെട്ട സുപ്രണ്ടിംഗ് എഞ്ചിനീയർമാർക്കും എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും ആയിരിക്കും.

ചീഫ് എഞ്ചിനീയർ

എൻ.പി/-